**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5404** **03-11-2021 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ദേശീയ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | കോവളം-ബേക്കൽ ദേശീയ ജലപാതയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ വടക്കോട്ട് കൊല്ലം വരെയുള്ള കനാൽ ഭാഗം 25 മീറ്റർ വീതിയിലും ഇരുവശവും റോഡിനും പൈപ്പ് ലൈൻ, സീവർ ലൈൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനു മായി 5 മീറ്റർ വീതിയിലുമാണ് ഇപ്പോഴത്തെ അലൈൻമെന്റ് ഫിക്സ് ചെയ്തിരിക്കുന്നത്. കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3 ആണ്. ദേശീയ ജലപാതയ്ക്ക് നദികളിൽ 50 മീറ്റർ വീതിയിലും, കനാലുകൾ 40 മീറ്റർ വീതിയിലുമാണ് അലൈൻമെന്റ്. കോഴിക്കോടിന് വടക്കോട്ട് നദികളിൽ 50 മീറ്ററും, കനാലുകൾ 40 മീറ്റർ വീതിയുമാണ് ഫിക്സ് ചെയ്തിരിക്കുന്നത്. |
| (ബി) | ഈ ജലപാതയുടെ ഭാഗമായി പുതുതായി എത്ര കിലോമീറ്റർ കനാൽ നിർമ്മിക്കേണ്ടിവരും എന്ന് അറിയിക്കുമോ; | (ബി) | മാഹി - വളപട്ടണം ഭാഗത്ത് 26.3 കിലോമീറ്ററും, നീലേശ്വരം - ബേക്കൽ ഭാഗത്ത് 6.45 കിലോമീറ്ററും പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുന്നതിന് വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളായ സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, വിവിധ നിർമ്മാണ പ്രവൃത്തികൾ, തുടങ്ങിയവയുടെ വിശദമായ പദ്ധതിരേഖകൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ